"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. രമ്യ ആർ. ആർ-ന്റെ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.112/2024/WCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. സ.ഉ(സാധാ)നം. 171/2022/വശിവിവ, തീയതി. 22/04/2022
2. സ.ഉ(സാധാ)നം. 248/2023/വശിവിവ, തീയതി. 06/05/2023
3. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 06/02/2024-ലെ എ3/851/2022/കേവക നമ്പർ കത്ത്

**ഉത്തരവ്**

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കവെ ശ്രീമതി. രമ്യ ആർ. ആർ-നെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അന്യത്രസേവന കാലാവധി പരാമർശം (2 ) പ്രകാരം ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. കമ്മീഷനിലെ തന്റെ അന്യത്രസേവന നിയമനത്തിന്റെ കാലാവധി 27/04/2024-ന് അവസാനിക്കുന്നതിനാൽ ആയത് 28/04/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. രമ്യ ആർ. ആർ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ടും അദ്ദേഹത്തിന്റെ മാതൃവകുപ്പിന്റെ നിരാക്ഷേപപത്രം സഹിതവും പരാമർശം (3 ) പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, കേരള വനിതാ കമ്മീഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. രമ്യ ആർ.ആർ -ന്റെ അന്യത്രസേവന കാലാവധി 28/04/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ.M.S.
അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി, എറണാകുളം (31/01/2024 ലെ 00411/എഡി.ബി1/എസ് എസ് യു എസ്/2024 നമ്പർ നിരാക്ഷേപ പത്രം പ്രകാരം)

ശ്രീമതി. രമ്യ ആർ. ആർ, അസിസ്റ്റന്റ് (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ ഡി ബി സെൽ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 16-03-2024 15:28:14